നിർമ്മാണ ഏജന്റും തമ്മിൽ പരസ്പര ധാരണയോടെ തീരുമാനിക്കുന്നു. നിർമ്മാണച്ചെലവ് മാത്രം ടേൺ കീ ഏജന്റിന് നൽകിക്കൊണ്ട് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട മെറ്റീരിയൽസ് ഗുണഭോക്താവിന് സ്വന്തം ചെലവിൽ വാങ്ങി നൽകുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ട്. 0.75 ക്യൂബിക് മീറ്റർ മുതൽ 10 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള അനെർട്ട് അംഗീകൃത ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ മുൻകൂർ അനുവാദത്തോടെ അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന സ്ഥാപിച്ച് ഉപയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് 8000 രൂപ സബ്സിഡി നൽകുന്നു.

കെ.എസ്.ഇ.ബി.യുടെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ ഒഴിവുകൾ

57 (7893) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ (നോൺ ടെക്നിക്കൽ) തസ്തികകളിലായി എത്ര ഒഴിവുകൾ ഉണ്ടെന്ന് വൈദ്യുതി സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ ; കാഷ്യർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ബാക്കിയുള്ളവ റിപ്പോർട്ട് ചെയ്യാനും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) കെ.എസ്.ഇ.ബി. -യുടെ വിവിധ ഓഫീസുകളിൽ കാഷ്യർ തസ്തികയുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ് ; അതിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം എത്രയാണ് ; വൈദ്യുതി സർക്കിൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ ;

(സി) കാഷ്യർ തസ്തികയിൽ കെ.എസ്.ഇ.ബി. സ്ഥിരനിയമനം നൽകി (അംഗപരിമിതർ, സ്പോർട്സ് ക്വാട്ട നിയമനം, ആശ്രിത നിയമനം) ജോലിനോക്കുന്നവരുടെയും, വകുപ്പുതല സ്ഥാനക്കയറ്റം/തസ്തികമാറ്റം വഴി ജോലി നോക്കുന്നവരുടെയും എണ്ണം പ്രത്യേകം പ്രത്യേകം നൽകുമോ ;

(ഡി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണത്തിനു മുമ്പും കമ്പനിവൽക്കരണത്തിനുശേഷവും കാഷ്യർ തസ്തികയിലേക്ക് വകുപ്പുതലസ്ഥാനക്കയറ്റം/തസ്തികമാറ്റത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്നത് എത്ര ശതമാനം ഒഴിവുകൾ ആണെന്ന് വ്യക്തമാക്കുമോ; കാഷ്യർ തസ്തികയിലേക്ക് വകുപ്പുതല സ്ഥാനക്കയറ്റം/തസ്തികമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത് സർക്കാരാണോ കെ.എസ്.ഇ.ബി.-യാണോയെന്നറിയിക്കുമോ ; മാനദണ്ഡങ്ങൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ; ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വൈദ്യുതി ബോർഡ് കമ്പനിവൽക്കരണവുമായി ബന്ധപ്പെട്ട് കാഷ്യർ തസ്തികകളുടെ എണ്ണം കുറയ്ക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണനയിൽ ഉണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പട്ടിക അനുബന്ധം A ആയി ഉള്ളടക്കം ചെയ്യുന്നു.* കാഷ്യർ തസ്തികയിലെ 162 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടിക അനുബന്ധം B ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി)

അംഗപരിമിതർ	-	10
സ്പോർട്സ് ക്വാട്ടാ നിയമനം	-	35
ആശ്രിത നിയമനം	-	116
വകുപ്പുതല സ്ഥാനക്കയറ്റം/ തസ്തികമാറ്റം	-	46

(ഡി) 20 ശതമാനം ഒഴിവുകൾ. കെ.എസ്.ഇ.ബി.യാണ് മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്.

മാനദണ്ഡം

1. എസ്.എസ്.എൽ.സി.-യോ തത്തുല്യമോ യോഗ്യതയും 5 വർഷം ബോർഡിലെ പ്രവൃത്തിപരിചയവും
2. പ്രീഡിഗ്രിയോ തത്തുല്യമോ യോഗ്യതയും 3 വർഷം ബോർഡിന്റെ പ്രവൃത്തി പരിചയവും

14-7-1995-ലെ ബോർഡ് ഓർഡറിന്റെ പകർപ്പ് അനുബന്ധം C ആയി വച്ചിട്ടുണ്ട്.*

(ഇ) ഇല്ല.

കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർമാരുടെ തസ്തികകൾ

58 (7894) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് ഫിനാൻസ് ആഫീസറുടെ അനുവദനീയ തസ്തികകൾ എത്രയെണ്ണമാണെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly